# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3062** 07.02.2018-ൽ മറുപടി നൽകേണ്ടിയിരുന്നത്

**യൂണിവേഴ്സിറ്റി സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി. ദേവസ്സി : | പ്രൊഫ. സി രവീന്ദ്രനാഥ് (ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളിൽ നിന്നും പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് ഒറിജിനൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിൽ വലിയ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | വലിയ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഒറിജിനൽ സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | | |
| (സി) | യൂണിവേഴ്സിറ്റികളിൽ പരീക്ഷാ ടൈംടേബിളുകൾ നേരത്തെ പ്രസിദ്ധീകരിക്കുന്നതിനും അതനുസരിച്ച് പരീക്ഷകൾ യഥാസമയം നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും കാലവിളംബം കൂടാതെ പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിനും ആവശ്യമായ നടപടികളും ഇടപെടലുകളും സർക്കാർ സ്വീകരിക്കുമോ? | (സി) | സർവ്വകലാശാലകൾ മുൻകൂട്ടി അക്കാദമിക് കലണ്ടർ തയ്യാറാക്കുന്നതിനും മുൻകൂട്ടി നിശ്ചയിച്ച പ്രകാരം പരീക്ഷകൾ ഷെഡ്യൂൾ ചെയ്യുന്നതിനും ഇതിനോടകം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബിരുദ-ബിരുദാനന്തര കോഴ്സുകളുടെ പ്രവേശന നടപടികൾ മുതൽ പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതുവരെയുള്ള പ്രവർത്തനങ്ങൾ എല്ലാ സർവ്വകലാശാലകളിലും നിശ്ചയിക്കപ്പെട്ട കലണ്ടർ പ്രകാരം നടക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ സമഗ്രമായ ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കുന്നതിന് എം.ജി. സർവ്വകലാശാല വൈസ് ചാൻസലർ അദ്ധ്യക്ഷനായി ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ